യിരിക്കും. ഈ ഗ്രന്ഥം പൂർണരൂപത്തിൽ വിവർത്തനംചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിനു സർവകലാശാലകളോ, ഇന്ത്യാഗവണ്മെൻറിൻെറയോ, സ്റ്റേറ്റ് ഗവണ്മെൻറുകളുടെയോ, വിദ്യാഭ്യാസ—സാംസ്കാരിക വിഭാഗങ്ങളോ, മുൻവന്നാൽ കൊള്ളാം.

(21 ഒക്ടോബർ, 1983)

## 78. മഹൻജദറോ ചരിത്രാവശിഷ്ടങ്ങൾ

മനുഷ്യവർഗം നിർമിച്ച ഏററവും പഴയ നാഗരികതകളിൽ ഒന്നാണു സിന്ധുസംസ്കാരം. ഇപ്പോഴത്തെ പാക്കിസ്ഥാൻ പ്രദേശത്തിലും ഇന്ത്യയിലെ പഞ്ചാബ്, ഗുജറാത്ത്, രാജസ്ഥാൻ പ്രദേശങ്ങളിലുമുള്ള നദീതടങ്ങളായിരുന്നു സിന്ധുസംസ്കാരത്തിൻെറ ആസ്ഥാനം. ഈജിപ്റ്റിലെ നീലനദീതടസംസ്കാരം, ഇപ്പോൾ 'ഇറാക്ക്' എന്നറിയപ്പെടുന്ന പ്രദേശത്തിൽ ടൈഗ്രിസ്—യൂഫ്രട്ടീസ് നദികൾക്കിടയിലുണ്ടായിരുന്ന മെസോപ്പൊട്ടാമിയൻ സംസ്കാരം, ചൈനയിലെ ഹ്വാങ്ഹോ നദീതടസംസ്കാരം എന്നിവയാണു സിന്ധുസംസ്കാരത്തോടൊപ്പം പ്രാചീനങ്ങളായി പരിഗണിക്കപ്പെട്ടുവരുന്ന മററു മൂന്നു സംസ്കാരങ്ങൾ.

സിന്ധുസംസ്കാരം അയ്യായിരം വർഷങ്ങൾക്കുമുമ്പ് അത്യന്തം വികസിച്ച നിലയിലെത്തിയിരുന്നു. ഈ നാഗരികതയുടെ പ്രാരംഭം എങ്ങനെ എന്ന് ആർക്കും തിട്ടമായി അറിഞ്ഞുകൂടാ. സിന്ധുനദിയുടെ കൈവഴികളുടെ താഴ്വരകളിൽ പണ്ടുമുതൽ പാർത്തുവന്ന കർഷകർ ആയിരിക്കാം ഈ സംസ്കാരത്തിൻെറ ഉപജ്ഞാതാക്കൾ. അവർ വേറെ എവിടെനിന്നെങ്കിലും വന്നവരാണെന്നതിനു തെളിവ് ഒന്നുമില്ല. അന്നത്തെ നിലയിൽ അത്ഭുതാവഹമായ വിജ്ഞാനവും സാങ്കേതികവിദ്യയും ഇവർ നേടിയിരുന്നു. പ്രബലരും ബുദ്ധിശാലികളും ആയ നേതാക്കളുടെ കീഴിൽ ഏകീകരിക്കപ്പെട്ട ഈ കർഷകർ ജീവിതത്തിൻെറ ഭൗതിക—ആദ്ധ്യാത്മികമേഖലകളിൽ ആശ്ചര്യകരമായ പുരോഗതി നേടി. ലോകത്തിൽ ആദ്യത്തെ നാഗരികസംസ്കാരത്തിൻെറ ഉപജ്ഞാതാക്കൾ ഒരുപക്ഷേ, ഇവരായിരിക്കാം. ഉത്ഭവം പോലെതന്നെ രഹസ്യാത്മകമായിരുന്നു ഈ സൈന്ധവസംസ്കാരത്തിൻെറ തിരോധാനവും. സൈന്ധവനാഗരികത ലോകത്തിൽനിന്നു തിരോഭവിച്ചതു് മൂവായിരത്തഞ്ഞൂറു വർഷങ്ങൾക്കു മുമ്പായിരിക്കണം. ആ കാലഘട്ടത്തിലാണു മദ്ധ്യേഷ്യയിൽനിന്നു സിന്ധുഗംഗാസമതലത്തിലേക്ക് ആര്യജനതയുടെ വമ്പിച്ച ഒരു പ്രവാഹമുണ്ടായതു്. ഈ ആര്യന്മാരുടെ മതസാഹിത്യമാണു വേദങ്ങൾ. സൈന്ധവനാഗരികത പ്രാഗ് വൈദികമാകുന്നു.

ആര്യന്മാരുടെ ആഗമനത്തോടെ സൈന്ധവനാഗരികത വിസ്മൃതിയിലാണ്ടു. സൈന്ധവരുടെ പഴയ മഹാനഗരങ്ങൾക്കുമീതെ മണ്ണടിഞ്ഞുകയറി. മുമ്പു നഗരങ്ങളുണ്ടായിരുന്ന സ്ഥാനത്തു പില്ക്കാലത്തു മൺകൂനകൾ ഉയർന്നു കാണപ്പെട്ടു. ചുട്ട ഇഷ്ടികകൾ പെറുക്കിയെടുക്കുന്നതിനു ഗ്രാമീണർ ഈ മൺകൂനകൾ കുഴിക്കുക പതിവായി. 1920—ൽ യൂറോപ്യൻ പുരാതത്ത്വശാസ്ത്രജ്ഞരുടെ ശ്രദ്ധ സിന്ധുനദീതാഴ്വാരത്തിലെ ഈ മൺകൂനകളിൽ പതിഞ്ഞു. ഹിമാലയത്തിൻെറ അടിക്കുന്നുകൾ മുതൽ ഇന്ത്യാസമുദ്രതീരംവരെ ആയിരം മൈൽ നീളത്തിൽ പടർന്നു

കിടന്ന ഒരു പ്രാചീന നാഗരികതയെയാണ് ഈ മൺകൂനകൾ പ്രതിനിധാനംചെയ്യുന്നതെന്നു കണ്ട് അവർ ആശ്ചര്യപ്പെട്ടു. ലോകത്തിലെ മറെറാരു പ്രാചീനനാഗരികതയും ഇത്ര വിപുലമായ ഒരു ഭൂവിഭാഗത്തിൽ പടർന്നുകിടന്നിരുന്നില്ല.

പഞ്ചാബിൽ സിന്ധുനദിയുടെ ഒരു പോഷകനദിയായ രവിനദിയുടെ കരയിലുള്ള ഹരപ്പ, സിന്ധിൽ സിന്ധുനദീതീരത്തിലുള്ള മഹൻജദരോ എന്നീ മൺകൂനകളിലാണ് ആദ്യം ഉൽഖനനപ്രവർത്തനങ്ങൾ നടന്നത്. പിന്നീട് സിന്ധുനാഗരികതയുടെ വേറെയും പല ആസ്ഥാനങ്ങളും മണ്ണു നീക്കി പുറത്തെടുക്കപ്പെട്ടു. പ്രാചീന സൈന്ധവരുടെ നഗരാസൂത്രണവൈദഗ്ധ്യം ആണ് ആദ്യമായി ആധുനിക പുരാതത്ത്വശാസ്ത്രജ്ഞരെ അമ്പരപ്പിച്ചത്. നെടുകെയും കുറുകെയും പോകുന്ന, വളവില്ലാത്ത, ഇഷ്ടിക പാകിയ, വീതിയുള്ള, രാജപാതകൾ, അവയുടെ ഇരുവശങ്ങളിലും നടുമുററങ്ങൾക്കു ചുററുമായി നിർമിക്കപ്പെട്ട പല നിലകളുള്ള ഇഷ്ടികക്കെട്ടിടങ്ങൾ, വീടുകളിൽ കുളിമുറികൾ, പൊതുജനങ്ങൾക്കു മതപരമായ സ്നാനകർമങ്ങൾ നടത്തുന്നതിനുള്ള വലിയ ചതുരക്കുളങ്ങളും അവയ്ക്കു ചുററും കുളിമുറികളും, നഗരത്തിലേക്കു വെള്ളം കൊണ്ടുവരാനും, മലിനജലം പുറത്തു കളയാനും ഇഷ്ടിക പതിച്ച തോടുകളും കാനകളും, കൂററൻ ധാന്യപ്പുരകൾ, കച്ചവടത്തിൽ ഉപയോഗിക്കുന്ന തൂക്കക്കട്ടികൾ, കല്ലുകൊണ്ടും ചെമ്പുകൊണ്ടും ഓടുകൊണ്ടും ചുട്ട കളിമണ്ണുകൊണ്ടും നിർമിച്ച ആയുധങ്ങളും ഗൃഹോപകരണങ്ങളും പല തരത്തിലുള്ള ആഭരണങ്ങൾ, പലതരം കല്ലുകളിലും ഓടിലും ദന്തത്തിലും നിർമിച്ച കലാവസ്തുക്കളും ദേവ—ദേവീ പ്രതിമകളുംഎന്നിവ, പ്രാചീന സൈന്ധവജനതയുടെ ഉയർന്ന ജീവിതനിലവാരത്തിനും വികസിച്ച മത—ദർശന—ചിന്തകൾക്കും സാക്ഷ്യം വഹിച്ചു. ഇന്ത്യയ്ക്കു പുറത്ത് മെസോപ്പൊട്ടാമ്യയുമായി സൈന്ധവർ വ്യാപാരം നടത്തിയിരുന്നതായും തെളിഞ്ഞു. സൈന്ധവർ ഇരുമ്പ് ഉപയോഗിച്ചിരുന്നില്ല.

സൈന്ധവപരിഷ്കാരത്തിന്റെ സവിശേഷത, മൃഗാകൃതികളും ചിത്രലിപികളും മനോഹരമായി സ്റ്റേറൈററ് കല്ലിൽ കൊത്തിയെടുത്ത അനേകായിരം മുദ്രകളാണ്. അന്യദേശങ്ങളിലേക്കു കയററിയയയ്ക്കുന്ന സാധനങ്ങൾ ഭരണികളിലടച്ചശേഷം, പുറമേ മണ്ണു പൂശി മുദ്ര വെക്കുന്നതിനാണ് ഈ മുദ്രകൾ ഉപയോഗിക്കപ്പെട്ടിരുന്നതെന്നു വിശ്വസിച്ചുവരുന്നു. ഈ മുദ്രകളിൽ ആയിരത്തിലധികം ചിത്രലിപികൾ അങ്കിതങ്ങളായിട്ടുണ്ട്. ഈ ലിപികൾ വായിക്കാനുള്ള പല ശ്രമങ്ങളും നടന്നിട്ടുണ്ടെങ്കിലും, ഒരു ശ്രമവും സർവസമ്മതമായി അംഗീകരിക്കപ്പെട്ടിട്ടില്ല. ഈജിപ്ഷ്യൻ ചിത്രലിപികൾ വായിക്കുന്നതിനു സഹായിച്ച റോസെററ ശിലാശാസനംപോലെ, ഏതെങ്കിലുമൊരു ബഹുലിപിശാസനം ലഭിച്ചാൽ മാത്രമേ, തികച്ചും തൃപ്തികരമായി സൈന്ധവലിപികൾ വായിക്കാൻ കഴിയൂ. സൈന്ധവരുടെ ഭാഷ, വർഗം മുതലായവ സംബന്ധിച്ച പ്രശ്നങ്ങൾ പാര്യന്തികമായി പരിഹരിക്കാനും അപ്പോഴേ സാദ്ധ്യമാകൂ. ഇന്നത്തെ നിലയിൽ പറയാവുന്നത് ഇത്രമാത്രം: സൈന്ധവർ ഇന്നത്തെ ഭാരതീയരുടെ (പാക്കിസ്ഥാനികളുടെയും) ആദിപൂർവികരാണ്. ആര്യരും ദ്രാവിഡരും രണ്ടു വ്യത്യസ്ത വർഗങ്ങളായിരുന്നില്ലെന്നും, ഒരേ നരവർഗത്തിന്റെ രണ്ടു വ്യത്യസ്ത ശാഖകൾ മാത്രമാണെന്നുമുള്ള നിഗമനത്തിലേക്കാണു സൈന്ധവാവശിഷ്ടങ്ങൾ വിരൽചൂണ്ടുന്നത്.

പാക്കിസ്ഥാനിലെ സിന്ധ് സംസ്ഥാനത്തിൽ ഡോക്രി (Dokri) എന്ന റെയിൽവേസ്റ്റേഷനിൽനിന്നു റോഡുവഴി പതിനൊന്നു മൈൽ സഞ്ചരിച്ചാൽ മഹൻജദരോവിൽ എത്താം. ഈ നഗരത്തിന്റെ പഴയ പേർ എന്തെന്നറിഞ്ഞുകൂടാ. സ്ഥലവാസികൾ പറയുന്നത് 'മഹൻജ

ദറോ' (Moenjodaro) എന്നാണ്. 'മൃതന്മാരുടെ നഗരം' എന്നാണ് സിന്ധിഭാഷയിൽ ആ വാക്കിന് അർത്ഥം. 1922—ൽ ഇന്ത്യയിലെ പുരാതത്ത്വ (ആർക്കിയോളജി) വിഭാഗത്തിന്റെ ഡയറക്ടർ സർ ജോൺ മാഷലിന്റെ നേതൃത്വത്തിലാണ് ഇവിടെ ഉൽഖനനം ആരംഭിച്ചത്. മഹൻജദറോവിനെപ്പററിയുള്ള നമ്മുടെ ഇന്നത്തെ അറിവിന് സർ ജോൺ മാർഷലിന്റെയും സർ മോർട്ടിമർ ഫീലറുടെയും കൃതികളോടു നാം മുഖ്യമായി കടപ്പെട്ടിരിക്കുന്നു.

അറുപതു വർഷംമുമ്പ് കുഴിച്ചെടുക്കുംവരെ, ആയിരത്താണ്ടുകളിലൂടെ ഈ അവശിഷ്ടങ്ങൾ മണ്ണിനടിയിൽ ഒരു കേടുപാടുമില്ലാതെ സുരക്ഷിതങ്ങളായിക്കിടന്നു. പക്ഷേ, കുഴിച്ചെടുത്തു കഴിഞ്ഞതോടെ ഇഷ്ടികകൾ ദ്രവിക്കാൻ തുടങ്ങി. അവയുടെ മുഖ്യ ശത്രുക്കൾ രണ്ടാണ്: വെള്ളവും, അതിലുള്ള ഉപ്പും. മണ്ണിനടിയിൽ, ജലനിരപ്പിനും താഴെയാണ് ഈ അവശിഷ്ടങ്ങളുടെ പല അട്ടികളും, വെള്ളം ഇഷ്ടികകളെ കുതുത്തി അലിയിപ്പിക്കുന്നു. വെള്ളത്തിലെ ഉപ്പ് അവയെ പൊടിച്ചുകളയുകയും ചെയ്യുന്നു. സംരക്ഷിക്കുന്നതിനു ഫലപ്രദമായി എന്തെങ്കിലും ചെയ്യാത്ത പക്ഷം, മനുഷ്യസംസ്കാരത്തിന്റെ ഈ അത്യാദിമ—അവശിഷ്ടം താമസിയാതെ തകർന്നു മൺകൂമ്പാരമായി മാറിയേക്കാമെന്ന ആശങ്ക ലോകത്തിലെങ്ങുമുള്ള സംസ്കാരപ്രണയികൾക്ക് ഇന്നുണ്ട്.

യുനെസ്കോവിന്റെ ഡയറക്ടർ ജനറൽ അമാദൗ മഫ്തർ എംബൗ ഇക്കഴിഞ്ഞ മാർച്ചുമാസത്തിൽ മഹൻജദറോവിന്റെ അവശിഷ്ടങ്ങൾ സന്ദർശിച്ചു. മനുഷ്യവർഗത്തിന്റെ ആദിമ നാഗരികതകളിലൊന്നായ മഹൻജദറോവിന്റെ അവശിഷ്ടങ്ങൾ എന്നെന്നേക്കുമായി സംരക്ഷിക്കുന്നതിന് അടിയന്തിരനടപടികൾ കൈക്കൊള്ളുവാൻ അദ്ദേഹം എല്ലാ രാഷ്ട്രങ്ങളെയും ഉദ്ബോധിപ്പിച്ചു. മഹൻജദറോവിന്റെ പ്രാധാന്യം ലോകത്തിലെങ്ങുമുള്ള ജനങ്ങൾക്ക മനസ്സിലാക്കിക്കൊടുക്കുന്നതിനായി പണ്ഡിതന്മാർ, കലാകാരന്മാർ, എഴുത്തുകാർ, മ്യൂസിയം അധികൃതർ, ഗ്രന്ഥശാലാപ്രവർത്തകർ, ശാസ്ത്രജ്ഞന്മാർ, മതനേതാക്കൾ, പുരാതത്ത്വജ്ഞന്മാർ, ഭൂവിജ്ഞാനികൾ, പത്രങ്ങളിലും റേഡിയോവിലും ടെലിവിഷനിലും പ്രവർത്തിക്കുന്നവർ മുതലായവർ സഹായിക്കണമെന്ന് എംബൗ അഭ്യർത്ഥിച്ചു. മഹൻജദറോവിനെ സംരക്ഷിക്കുന്നതിനുള്ള ധനസഹായം യുനെസ്കോവിന് എത്തിച്ചുകൊടുക്കാൻ അദ്ദേഹം എല്ലാവരോടും അപേക്ഷിച്ചു. ലോകത്തിലെങ്ങുമുള്ള കുട്ടികൾ ഈ കാര്യത്തിൽ വിശേഷിച്ചും സഹകരിക്കണമെന്ന് എംബൗ പറഞ്ഞു.

ഈ അവശിഷ്ടങ്ങൾ സംരക്ഷിക്കുന്നതിനായി പാക്കിസ്ഥാൻ സർക്കാർ ഇന്നോളം അറുപത്തിമൂന്നര ലക്ഷത്തിൽത്താഴെ ഡോളർ ചെലവഴിച്ചിട്ടുണ്ടെന്ന് മഹൻജദറോവിന്റെ സംരക്ഷണത്തിനുള്ള ഔദ്യോഗികസ്ഥാപനത്തിന്റെ ചെയർമാൻ ജസ്റ്റിസ് അബ്ദുൽഖാദർ പ്രസ്താവിച്ചു. ഇതിൽ പതിനെട്ടു ലക്ഷം ഡോളർ യുനെസ്കോ സംഭാവന ചെയ്തതാണ്. ഇപ്പോൾ യുനെസ്കോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സംരക്ഷണപരിപാടികൾക്ക് ആകെ ഒരു കോടി നാല്പതുലക്ഷം ഡോളർ ചെലവുവരും. എംബൗ വ്യക്തിപരമായ താല്പര്യം പ്രദർശിപ്പിക്കുന്നതിനാൽ ഈ പണി ഇനി ഏറെ താമസംകൂടാതെ ആരംഭിക്കുമെന്നു വിശ്വസിക്കാം.

മഹൻജദറോവിനടുത്ത് മണ്ണിനടിയിലെ ജലനിരപ്പ് താഴ്ത്തിക്കൊണ്ടുവരുന്നതിന് അമ്പത്താറു കുഴൽക്കിണറുകൾ കുഴിക്കാൻ ഉദ്ദേശിക്കുന്നു. പാക്കിസ്ഥാൻ ഗവണ്മെൻറ് ഈ പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടത്രേ. എങ്കിലും, തങ്ങളുടെ സാംസ്കാരികപൈതൃകത്തെപ്പററി പാക്കിസ്ഥാൻ ഗവണ്മെൻറിനു വേണ്ടത്ര അഭിമാനം ഇനിയും ഉണ്ടായിട്ടി

ല്ലെന്നു്, പാക്കിസ്ഥാനിലെ 'ഡോൺ' പത്രം മാർച്ച് 17–ാം തീയതി എഴുതിയ ഒരു മുഖപ്രസംഗത്തിൽ പ്രസ്താവിക്കുന്നു. മഹൻജദരോവി നെ സംരക്ഷിക്കാൻ യുനെസ്കോവിന്റെ നേതൃത്വത്തിൽ ആരംഭിക്കു ന്ന പ്രവർത്തനങ്ങളെ ഒരു അവസരമായി ഉപയോഗപ്പെടുത്തി, പാക്കി സ്ഥാനിലെ പുരാതത്ത്വ–ചരിത്ര അവശിഷ്ടങ്ങൾ സംരക്ഷിക്കേണ്ട ചുമ തല തങ്ങൾക്കാണെന്ന ബോധം പാക്കിസ്ഥാനിലെ പൊതുജനങ്ങൾ ക്കും ഉദ്യോഗസ്ഥന്മാർക്കും ഉളവാക്കുന്നതിനുള്ള ഒരു പ്രസ്ഥാനം ആരംഭി ക്കേണ്ടതുണ്ടെന്നു് ആ പത്രം തുടർന്നു പറയുന്നു. സിന്ധുനാഗരികതയു ടെ പത്തിലൊരുഭാഗം മാത്രമേ ഉൽഖനനംചെയ്യപ്പെട്ടിട്ടുള്ളു. പത്തിൽ ഒമ്പതു ഭാഗവും ഇപ്പോഴും മണ്ണിനടിയിൽ പുതഞ്ഞുകിടക്കുകയാണെന്ന ത്രേ ബഹുജനവിശ്വാസം. മനുഷ്യചരിത്രത്തിലെ ഉജ്ജ്വലങ്ങളും ദീർഘ ങ്ങളുമായ ഏതാനും അദ്ധ്യായങ്ങൾ ശരിക്കും പഠിച്ചു മനസ്സിലാക്കാനുപ കരിക്കുന്നവയാണു് സൈന്ധവനാഗരികതയുടെ അവശിഷ്ടങ്ങൾ. അവ സംരക്ഷിക്കുന്നതിൽ പാക്കിസ്ഥാൻ സർക്കാരിനുള്ളത്ര ബാധ്യത ഇന്ത്യൻ സർക്കാരിനുമുണ്ടു്.

(1 മെയ്, 1983)

# 79. തക്ഷശില

പ്രാചീനലോകത്തിൽ അതിപ്രസിദ്ധമായ ഒരു വിദ്യാകേന്ദ്രമായിരുന്നു തക്ഷശില. ഇന്ത്യയിൽ മാത്രമല്ല, ഗ്രീസിലും റോമിലും മെഡിററേ നിയൻ കടൽത്തീരങ്ങളിലും മദ്ധ്യേഷ്യയിലും ചൈനയിലും തക്ഷശില യുടെ പ്രശസ്തി പരന്നിരുന്നു. ബുദ്ധഭഗവാൻ ജനിക്കുന്നതിനുമുമ്പു തന്നെ തക്ഷശിലയിലേക്കു് ഈ വിദൂരപ്രദേശങ്ങളിൽനിന്നു വിദ്യാർത്ഥി കൾ പ്രവഹിച്ചുതുടങ്ങിയിരുന്നു. തക്ഷശിലയിൽ നടന്നുവന്ന ശാസ്ത്ര കാരപരീക്ഷകളിൽ ജയിച്ചവരാണു് പിന്നീടു് ശാസ്ത്രജ്ഞന്മാരായി പ്രാചീനഭാരതത്തിൽ അറിയപ്പെട്ടിരുന്നതു്. വ്യാകരണാചാര്യനായ പാണിനി, പാണിനിയുടെ ഗുരുവായിരുന്ന വർഷൻ, മഹാഭാരതത്തോ ളം വലിപ്പമുണ്ടായിരുന്ന 'സംഗ്രഹം' എന്ന വ്യാകരണഗ്രന്ഥം നിർമിച്ച വ്യാഡി, വ്യാകരണവാർത്തികങ്ങൾ രചിച്ച വരരുചി, വ്യാകരണ മഹാഭാഷ്യകാരനായ പതഞ്ജലി, സംസ്കൃതത്തിലെ ഛന്ദശ്ശാസ്ത്രം നിർമിച്ച പിംഗളൻ, അദ്വൈതവേദാന്തശാസ്ത്രത്തിന്റെ സ്ഥാപകരിൽ ഒരാളായ ഉപവർഷൻ എന്നിവർ തക്ഷശിലയിലെ ശാസ്ത്രകാരപരീക്ഷ ജയിച്ചിട്ടുണ്ടെന്നു് ഐതിഹ്യം ഘോഷിക്കുന്നു. അരിസ്റ്റോട്ടലിന്റെ ശിഷ്യനായ മഹാനായ അലക്സാണ്ടർ തന്റെ ദിഗ്വിജയത്തിനിടയ്ക്കു ക്രിസ്തുവിനുമുമ്പു് 326–ാമാണ്ടിൽ, തക്ഷശിലയിലെത്തി അവിടത്തെ ബൗദ്ധപണ്ഡിതന്മാരുമായി സംവാദങ്ങൾ നടത്തിയിട്ടുണ്ടു്. വേദ ങ്ങൾ, മതഗ്രന്ഥങ്ങൾ, തത്ത്വശാസ്ത്രം, യോഗശാസ്ത്രം, ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, യുദ്ധതന്ത്രം, അർത്ഥശാസ്ത്രം, ധനുർവിദ്യ, ഇതിഹാസ പുരാണങ്ങൾ, സാഹിത്യം മുതലായ പ്രാചീനലോകത്തിലെ എല്ലാ പഠനവിഷയങ്ങളും തക്ഷശിലയിലെ ആചാര്യന്മാർ വിദഗ്ദ്ധമായി കൈകാര്യംചെയ്തിരുന്നു.

പാക്കിസ്ഥാന്റെ തലസ്ഥാനമായ ഇസ്ലാമാബാദിൽനിന്നു നാല്പതു കി. മീ. വടക്കു പടിഞ്ഞാറാണു തക്ഷശിലയെന്ന പ്രാചീനനഗരിയുടെ സ്ഥാനം. ബ്രിട്ടീഷ് ഭരണകാലത്തു് ഇവിടെ നടന്ന ഉൽഖനനങ്ങളുടെ